## പതിനാലാം കേരള നിയമസഭ
പത്തൊൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ. 149 — 06.03.2020 - ൽ മറുപടിക്ക്.

## കുടുംബശ്രീ വഴി പ്ലാസ്റ്റിക്ക് ബദൽ ഉല്പന്നങ്ങളുടെ നിർമ്മാണം

**ചോദ്യം**

ശ്രീമതി ഗീതാ ഗോപി
ശ്രീ.മുല്ലക്കര രത്നാകരൻ
ശ്രീ. ചിറ്റയം ഗോപകുമാർ
ശ്രീമതി സി.കെ. ആശ

**മറുപടി**

ശ്രീ. എ.സി.മൊയ്തീൻ
(തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | കുടുംബശ്രീ യൂണിറ്റുകളെ ഉപയോഗപ്പെടുത്തി പ്ലാസ്റ്റിക്കിന് പകരമുള്ള പരിസ്ഥിതി സൗഹൃദ ഉല്പന്നങ്ങൾ നിർമ്മിക്കുന്നുണ്ടോ; വ്യക്തമാക്കാമോ; | (എ) | ഉണ്ട്. ക്യാരിബാഗുകൾ ഉൾപ്പെടെ ദൈനംദിന ജീവിതത്തിൽ ഉപയോഗിക്കുന്ന വിവിധതരം പ്ലാസ്റ്റിക് ഉൽപന്നങ്ങൾക്ക് പകരം പ്രകൃതി സൗഹൃദ വസ്തുക്കൾ ഉപയോഗിച്ച് ബദൽ ഉൽപന്നങ്ങൾ നിർമ്മിച്ച് കുടുംബശ്രീ യൂണിറ്റുകൾ മുഖേന വിപണിയിലെത്തിച്ച് വരുന്നു. നിലവിൽ 1319 കുടുംബശ്രീ പ്രകൃതി സൗഹൃദ ഉൽപന്ന നിർമ്മാണ യൂണിറ്റുകൾ കേരളത്തിലുടനീളം പ്രവർത്തിച്ചുവരുന്നു. പ്ലാസ്റ്റിക് നിരോധനത്തിന്റെ അടിസ്ഥാനത്തിൽ കൂടുതൽ ഉൽപന്ന വൈവിധ്യങ്ങൾ കൊണ്ടുവരാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ബി) | പ്ലാസ്റ്റിക്ക് കവറുകൾ നിരോധിച്ചതിനെത്തുടർന്ന് വിപണിക്കാവശ്യമായ വിവിധതരത്തിലുള്ള കവറുകൾ നിർമ്മിച്ച് നൽകുന്നതിന് കുടുംബശ്രീ യൂണിറ്റുകൾക്ക് സാധിക്കുന്നുണ്ടോ; വ്യക്തമാക്കാമോ; | (ബി) | പ്ലാസ്റ്റിക് കവറുകൾക്ക് പകരം തുണി സഞ്ചി, പേപ്പർ കവർ, ജ്യൂട്ട് ബാഗ് തുടങ്ങി വിവിധതരം ഉൽപന്നങ്ങൾ വിപണിയിലെത്തിക്കുവാനും വിപണന സാധ്യത പ്രയോജനപ്പെടുത്തുവാനും കുടുംബശ്രീ യൂണിറ്റുകൾക്ക് സാധിക്കുന്നുണ്ട്. |
| (സി) | മത്സ്യമാർക്കറ്റുകളിൽ ഉപയോഗിക്കുന്നതിനായി പ്ലാസ്റ്റിക്കിന് സമാനമായ സൗകര്യങ്ങളോടുകൂടിയ ഏതെല്ലാം തരത്തിലുള്ള കവറുകളാണ് കൂടുതൽ പ്രായോഗികമെന്ന് കണ്ടെത്തിയിട്ടുള്ളത്; ആയതിന്റെ നിർമ്മാണം കുടംബശ്രീ യൂണിറ്റുകൾ നടത്തുന്നുണ്ടോ; | (സി) | മത്സ്യ മാർക്കറ്റുകളിൽ ഉപയോഗിക്കുന്നതിനായി പ്രധാനമായും കട്ടതുണികൊണ്ട് നിർമ്മിക്കുന്ന ക്യാരിബാഗുകൾ ആണ് ഉപയോഗപ്പെടുത്തുന്നത്. ഇത്തരം ബാഗ് നിർമ്മിക്കുന്ന കുടുംബശ്രീ യൂണിറ്റുകൾ നിലവിലുണ്ട്. |
| (ഡി) | പാള, ഈറ, തുണി, വിവിധ മുള, ചണം, തൊണ്ട് തുടങ്ങിയവ ഉപയോഗപ്പെടുത്തി പരിസ്ഥിതി സൗഹൃദ ഉല്പന്നങ്ങൾ നിർമ്മിക്കുന്നുണ്ടോ; വ്യക്തമാക്കുമോ; | (ഡി) | ഉണ്ട്; പാളപ്ലേറ്റുകൾ, പാള കണ്ടെയ്നറുകൾ, ഈറ കൊണ്ടുള്ള വട്ടികൾ, കുട്ടകൾ ഉൾപ്പടെയുള്ള ഉൽപന്നങ്ങൾ, മുള കൊണ്ടുള്ള കരകൗശല ഉൽപന്നങ്ങൾ, ചണബാഗ്, ചണഫയൽ, തൊണ്ട്, ചകിരി എന്നിവ കൊണ്ടുള്ള പ്രകൃതി സൗഹൃദ ഉൽപന്നങ്ങൾ എന്നിങ്ങനെ നൂറിലധികം പ്ലാസ്റ്റിക് ബദൽ ഉൽപന്നങ്ങൾ കുടുംബശ്രീ യൂണിറ്റുകൾ വഴി വിപണിയിലെത്തിക്കുന്നുണ്ട്. |

| | | | |
|---|---|---|---|
| (ഇ) | ഇത്തരം പരിസ്ഥിതി സൗഹൃദ ഉല്പന്നങ്ങളെക്കുറിച്ച് ജനങ്ങൾക്ക് അവബോധം നൽകുന്നതിന് സ്വീകരിക്കുന്ന മാർഗ്ഗങ്ങൾ എന്തൊക്കെയെന്നറിയിക്കുമോ? | (ഇ) | പ്രകൃതി സൗഹൃദ ഉൽപന്നങ്ങൾ, പ്ലാസ്റ്റിക് ബദൽ ഉൽപന്നങ്ങൾ എന്നിവയുടെ വിപണനത്തിനും ബോധവൽക്കരണത്തിനുമായി വിവിധ ജില്ലകളിലായി കുടുംബശ്രീ ഉൽപന്നങ്ങളുടെ പ്രദർശനം, പരിചയപ്പെടുത്തൽ, പ്ലാസ്റ്റിക് ഉപഭോഗത്തിനെതിരെ തെരുവു നാടകങ്ങൾ, ക്യാമ്പയിനുകൾ, കടകൾ തോറും ഉൽപന്ന അവബോധ പ്രവർത്തനങ്ങൾ, ഉൽപന്ന പ്രദർശന മേളകൾ തുടങ്ങിയ പ്രചാരണ പരിപാടികൾ നടത്തിവരുന്നു. ഗ്രീൻ പ്രോട്ടോകോൾ രീതിയിൽ പരിപാടികൾ നടപ്പിലാക്കുന്നതുവഴി ഇതിനകം തന്നെ പൊതുജനങ്ങൾ പ്രകൃതിസൗഹൃദ ബദൽ ഉൽപന്നങ്ങൾ പരിചയപ്പെട്ടിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ